**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2757** **13-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് അഞ്ഞൂറ് കിലോ സ്വർണ്ണം ഗോൾഡ് മോണിറ്റൈസേഷൻ സ്കീം പ്രകാരം റിസർവ്വ് ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടവരവായി ലഭിച്ചിട്ടുള്ള സ്വർണ്ണത്തിൽ ഉത്സവങ്ങൾ, നിത്യോപയോഗം, വിശേഷാൽ ഉപയോഗം എന്നിവയ്ക്ക് ഉപയോഗിക്കാത്തതായ സ്വർണ്ണ വകകൾ ഗോൾഡ് മോണിറ്റൈസേഷൻ സ്കീം പ്രകാരം റിസർവ്വ് ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനു മുൻകൂർ അനുമതി നല്കിയിട്ടുണ്ടോ; | (ബി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും അനുമതി ലഭിച്ചതിനു ശേഷം മാത്രമേ ഗോൾഡ് മോണിറ്റൈസേഷൻ സ്കീം പ്രകാരം റിസർവ്വ് ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയുള്ളൂ എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | ക്ഷേത്ര ആചാരങ്ങൾക്ക് ഉപയോഗിക്കുന്ന സ്വർണ്ണം ഇപ്രകാരം നിക്ഷേപിക്കുന്നതിൽ ഉൾപ്പെടുമോ; വിശദമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഇത്ര വലിയ സാമ്പത്തിക പ്രതിസന്ധി ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | 2018-ലെയും 2019-ലെയും പ്രളയം, കോവിഡ് വ്യാപനം മൂലമുണ്ടായ നിയന്ത്രണങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ശബരിമലയടക്കമുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം കുറഞ്ഞതാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടാൻ കാരണം |

സെക്ഷൻ ഓഫീസർ